Draft #3 of File 78213/AC A1-2/2020/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 04-Aug-2021 01:05 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

അഫിലിയേറ്റഡ് കോളേജുകൾ/ പഠന വകുപ്പുകൾ - 2021-2022 അക്കാദമിക വർഷം - ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം -ഫീസ് തിരികെ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള യു.ജി.സി. നിർദേശം നടപ്പിലാക്കികൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3787/AC A 1/2021/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 04.08.2021

---

*പരാമർശം:*-1.യു.ജി.സി. യിൽ നിന്നുള്ള കത്ത് നം. D.O.No.F.I-I/2021(Secy) dtd.16.07.2021

**ഉത്തരവ്**

കോവിഡ് -19 വ്യാപനത്തിന്റെ സാഹചര്യത്തിൽ വർദ്ധിച്ചു വരുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്തുകൊണ്ട്, സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകൾ/ പഠന വകുപ്പുകൾ എന്നിവിടങ്ങളിൽ 2021-2022 അക്കാദമിക വർഷം വിവിധ ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് പ്രവേശനം നേടുകയും, തുടർന്ന് പ്രവേശനം റദ്ദ് ചെയ്ത് വിടുതൽ വാങ്ങി പോകുകയും ചെയ്യുന്ന വിദ്യാർത്ഥികൾക്ക ഫീസ് തിരികെ നൽകുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം യു.ജി.സി യിൽ നിന്നും താഴെ പറയുന്ന നിർദ്ദേശങ്ങൾ ലഭിച്ചിരിക്കുന്നു.

1. 31.10.2021 വരെയുള്ള കാലയളവിനുള്ളിൽ, പ്രവേശനം റദ്ദ് ചെയ്ത്/മൈഗ്രേഷൻ വാങ്ങി പോകുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഒടുക്കിയ ഫീസ് തുക മുഴുവൻ(ക്യാൻസലേഷൻ ചാർജ് ഈടാക്കാതെ) റീഫണ്ട് ചെയ്തു നൽകുക.

2. 31.12.2021 വരെയുള്ള കാലയളവിനുള്ളിൽ, പ്രവേശനം റദ്ദ് ചെയ്ത്/മൈഗ്രേഷൻ വാങ്ങി പോകുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രോസ്സസിംഗ് ഫീസായി 1000/-രൂപയിൽ കൂടാതെ ഒരു തുക ഈടാക്കിയതിനു ശേഷം , ബാക്കിയുള്ള മുഴുവൻ തുകയും റീഫണ്ട് ചെയ്തു നൽകുക.

മേൽ നിർദ്ദേശങ്ങൾ സർവ്വകലാശാലയിൽ നടപ്പിലാക്കുവാൻ 29.07.2021-തീയതിയിൽ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ /പഠന വകുപ്പുകൾ

2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ

4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )

5.ഓഡിറ്റ്/അക്കൗണ്ട്സ്/ ഫിനാൻസ്/ പരീക്ഷ / അക്കാദമിക് സെക്ഷനുകൾ

6.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി / സിറ്റാഡ് / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ

7.എസി എ 1/ എസി ബി 6/എസി ബി 7

8.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 78213/AC A1-2/2020/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 04-Aug-2021 01:05 PM - Page 2